**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 535** | **03.03.2020 ൽ മറുപടിയ്ക്ക്**

## യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണം

**ചോദ്യം**
**പ്രൊഫ.കെ.യു. അരുണൻ**

**മറുപടി**
**ശ്രീ.ഇ.പി.ജയരാജൻ**
**(വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | |
|---|---|
| യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളത്തിലെ യുവതീ യുവാക്കളുടെ ശാക്തീകരണം മുൻനിർത്തി നിരവധി പ്രവർത്തനങ്ങൾ യൂത്ത് ക്ലബ്ബുകളിലൂടെ നടത്തി വരുന്നു. യുവജനക്ഷേമ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകൾ സംസ്ഥാനത്താകമാനം വിവിധ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്. വിവിധ യൂത്ത് ക്ലബ്ബുകൾ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിച്ച് പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്നതും സാമൂഹ്യ നന്മ ഉദ്ദേശിച്ചിട്ടുള്ളതുമായ നൂതനമായ പദ്ധതികൾക്ക് ധനസഹായം നൽകുന്നു.<br><br>യൂത്ത് ക്ലബ്ബുകൾ നടത്തുന്ന ഗുണകരമായ പ്രവർത്തനങ്ങൾ പൊതു സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പദ്ധതിയാണ് യൂത്ത് കേരള എക്സ്പ്രസ്സ്. 2018-19 സാമ്പത്തിക വർഷം ഈ പദ്ധതി നടപ്പിലാക്കുകയും 100 ഓളം യൂത്ത് ക്ലബ്ബുകൾ ഈ പദ്ധതിയിൽ ഗുണഭോക്താക്കളാകുകയും ചെയ്തിട്ടുണ്ട്.യൂത്ത് കേരള എക്സ്പ്രസ്സ് വഴി യൂത്ത് ക്ലബ്ബുകൾ വഴി നടത്തുന്ന പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രദമാക്കുവാനും യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുവാനും സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, മലയോര പ്രദേശങ്ങൾ എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകി യുവജനക്ഷേമ ബോർഡിന്റെ നിയന്ത്രണത്തിൽ രൂപീകരിച്ചതാണ് യുവാക്ലബ്ബുകൾ. 35 വയസ്സിന് താഴെയുള്ള യുവാക്കളാണ് യുവാക്ലബ്ബുകളുടെ ഭാരവാഹികൾ. 2018-19 സാമ്പത്തിക വർഷം കേരളത്തിലെ 14 ജില്ലകളിലായി 800 ഓളം യുവാക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. തുടർന്നും സംസ്ഥാനത്ത് വിവിധ ജില്ലകളിലായി യുവാക്ലബ്ബുകൾ രൂപീകരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾക്ക് യുവജനക്ഷേമ ബോർഡ് രൂപരേഖ തയ്യാറാക്കി കഴിഞ്ഞു. യുവാക്ലബ്ബുകളുടെ പ്രാഥമിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി അവർക്ക് ധനസഹായം |

| | |
|---|---|
| | അനുവദിക്കാറുണ്ട്. യുവതീ യുവാക്കളുടെ ശാക്തീകരണം മുൻനിർത്തി ഓരോ പ്രദേശത്തിന്റെയും സാധ്യതക്കനുസരിച്ച് യുവാക്ലബ്ബുകൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളിൽ കലാ-കായിക മത്സരങ്ങൾ, ബോധവത്ക്കരണ ക്യാമ്പയിനുകൾ, മത്സര പരീക്ഷാ പരിശീലന പരിപാടികൾ, പാരിസ്ഥിതിക പ്രവർത്തനങ്ങൾ, തൊഴിൽ പരിശീലനങ്ങൾ, സാംസ്കാരിക കൂട്ടായ്മകൾ, പ്രസിദ്ധ നാടൻപാട്ട് കലാകാരനായിരുന്ന കലാഭവൻ മണിയുടെ സ്മരണാർത്ഥം മണിനാദം - സംസ്ഥാനതല നാടൻപാട്ട് മത്സരം തുടങ്ങി വിവിധ പദ്ധതികളാണ് യുവാക്ലബ്ബുകൾ മുഖേന നടപ്പിലാക്കി വരുന്നത്.<br><br>കേരള സംസ്ഥാന യുവജന കമ്മീഷൻ യൂത്ത് ക്ലബ്ബുകൾ/ കോളേജുകൾ/വിദ്യാഭ്യാസസ്ഥാപനങ്ങൾ/യുവജനങ്ങൾക്ക് പ്രാതിനിധ്യം ഉള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ വിവിധ ഏജൻസികളുമായി സഹകരിച്ച് മദ്യം, മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ ബോധവത്ക്കരണ പരിപാടികൾ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിച്ചുവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**